**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5149** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരുടെ നിലവിലുള്ള എണ്ണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ദിനം പ്രതി വ്യത്യാസപ്പെടുന്ന സാഹചര്യത്തിൽ അത്തരത്തിലൂടെ വിവരശേഖരണം റവന്യ വകുപ്പ് മുഖേന നടത്തിയിട്ടില്ലാത്തതും വിവരം റവന്യൂ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ " എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, 19.04.2023-ലെ സ.ഉ.(കൈ)87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. "കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട് 1960-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് "1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ "" പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് 1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br>1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾകപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. കേരളത്തിലെ എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പട്ടയ മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. പട്ടയ മിഷൻ്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെ കുറിച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാതു വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നതുമാണ്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചവരുന്നുണ്ട്. |
| (സി) | ദീർഘകാലമായി പട്ടയമില്ലാത്ത ഭൂമിയിൽ താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ? | (സി) | വിവിധ നിയമപ്രശ്നങ്ങളാൽ പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്ന വിഷയങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന് 19.04.2023-ലെ സ.ഉ.(കൈ)87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയം മിഷൻ. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്ലാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായാവർക്കു നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തിച്ച് വരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകൾ മുഖേനയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർ തലത്തിലും നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടയം മിഷൻ മുഖേന നടന്നുവരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന് 3 വർഷത്തിനുള്ളിൽ 153103 കുടുംബങ്ങൾക്ക് പട്ടയം നൽകികൊണ്ട് ഭൂമിയുടെ അവകാശികളാക്കി മാറ്റുന്നതിന് സാധിച്ചു. |

സെക്ഷൻ ഓഫീസർ